# ആലപ്പുഴയിലെ രക്തദാന ക്യാമ്പെയ്ൻ

ജീവിച്ചിരിക്കുന്ന ഒരു വ്യക്തിക്ക് ചെയ്യാനാകുന്ന ഏറ്റവും മനുഷ്യത്വം നിറഞ്ഞ പ്രവർത്തിയായാണ് സമൂഹം രക്തദാനത്തെ കണക്കാക്കുന്നത്. ഭൂമിയിൽ ഒരു ജീവൻ നിലനിർത്തുന്നതിന് സഹായകമാകുന്ന പ്രവർത്തിയാണ് അവയവദാനവും രക്തദാനവും. ബന്ധുക്കൾക്കോ പരിചയക്കാർക്കോ രക്തം ആവശ്യമായി വന്നാൽ യാതൊന്നും ചിന്തിക്കാതെ അതിന് തയാറാകുന്നവരാണ് നമ്മൾ. എന്നാൽ മുൻപരിചയമില്ലാത്ത ഒരാൾക്ക് വേണ്ടി സ്വന്തം രക്തം ദാനം ചെയ്യാൻ തയാറായി നിലകൊള്ളുന്നവരാണ് ഇന്ന് ആരോഗ്യമേഖലയുടെ പ്രധാന ആശ്വാസം. രക്തദാനം മുൻനിർത്തി പ്രവർത്തിക്കുന്ന നിരവധി ക്ലബ്ബുകളും മറ്റ് സന്നദ്ധ സംഘടനകളുമുണ്ട്. നിശ്ചിത ഇടവേളകളിൽ രക്തം ദാനം ചെയ്ത് അത് ഒരു ചര്യ പോലെ പിന്തുടരുന്നവരാണ് ഇതിലെ അംഗങ്ങൾ. പണ്ട് കാലത്ത് രക്തദാനത്തെക്കുറിച്ച് ഏറെ ആശങ്കകൾ നിലനിന്നിരുന്നു. എന്നാൽ ഈ ആകുലതകൾ ഇക്കാലത്ത് ഏറെക്കുറെ അവസാനിച്ചു കഴിഞ്ഞിരിക്കുന്നു. എങ്കിലും പലപ്പോഴും അവശ്യ ഘട്ടങ്ങളിൽ നിശ്ചിത ഗ്രൂപ്പിൽ പെട്ട രക്തം കിട്ടാതെ വരുന്ന അവസ്ഥ ഇപ്പോഴുമുണ്ട്. അംഗീകൃത ബ്ലഡ് ബാങ്ക് ഉള്ള ആശുപത്രികൾക്ക് മാത്രമേ രക്തം ശേഖരിക്കാൻ അധികാരമുള്ളൂ. കേരളത്തിൽ രക്ത ബാങ്ക് ഉള്ള 144 ആശുപത്രികളാണുള്ളത്. അതിൽ 44 ആശുപത്രികൾ സർക്കാർ ആശുപത്രികളുമാണ്.

ഡെങ്കിപ്പനി പോലെ പ്ലേറ്റ്ലറ്റ് കൗണ്ട് കുറഞ്ഞുപോകുന്ന രോഗങ്ങൾ, ക്യാൻസർ, കരൾ രോഗം തുടങ്ങിയ ആരോഗ്യ പ്രശ്നങ്ങൾ നേരിടുന്നവർക്കെല്ലാം പലഘട്ടങ്ങളിലായി രക്തം ആവശ്യമായി വരുന്നു. അപകടങ്ങളിൽപ്പെടുന്നവർ, ഗുരുതര പൊള്ളലേൽക്കുന്നവർ, മേജർ ഓപ്പറേഷന് വിധേയരാകുന്നവർ, അനീമിയ രോഗികൾ, പ്രസവസമയത്ത് അമ്മമാർ...എന്നിങ്ങനെ നീളുന്നു രക്തം വേണ്ടി വരുന്നവർ. കേരളത്തിലെ വിവിധ ആശുപത്രികളിലായി ഒരു ദിവസം 1000 യൂണിറ്റിലേറെ രക്തമാണ് പലർക്കായി വേണ്ടി വരുന്നതെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ഒരു വ്യക്തിയിൽ നിന്ന് ഒരു തവണ ശേഖരിക്കാൻ പറ്റുന്ന രക്തത്തിന്റെ അളവാണ് ഒരു യൂണിറ്റ്.

ഒരാളിൽ നിന്ന് ഒരു തവണ 350 മില്ലിലിറ്ററോളം രക്തമാണ് സാധാരണയായി എടുക്കുന്നത്.

## എന്താണ് രക്തദാനം

ശാസ്ത്രം ഏറെ പുരോഗമിച്ചുവെങ്കിലും കൃത്രിമമായുണ്ടാക്കാൻ കഴിയാത്ത ഒന്നാണ് രക്തം. മനുഷ്യരക്തത്തിന് പകരം മനുഷ്യരക്തം തന്നെ വേണമെന്ന് ചുരുക്കം.

- 18 വയസ്സിനും 60 വയസ്സിനും ഇടയിൽ പ്രായമുള്ള ആരോഗ്യമുള്ള ആർക്കും രക്തം ദാനം ചെയ്യാം.
- പുരുഷന്മാർക്ക് മൂന്ന് മാസത്തിലൊരിക്കലും സ്ത്രീകൾക്ക് നാല് മാസത്തിലൊരിക്കലും രക്തം ദാനം ചെയ്യാനാകും.
- ആരോഗ്യമുള്ള ഒരു മനുഷ്യന്റെ ശരീരത്തിൽ നാല് മുതൽ ആറ് വരെ ലിറ്റർ രക്തമാണുണ്ടാകുക.
- ബ്ലഡ്ബാഗിലേക്ക് മാറ്റുന്ന രക്തം 35 ദിവസം വരെ കേടുകൂടാതെ സൂക്ഷിക്കാൻ കഴിയും.
- രക്തത്തെ പ്ലേറ്റ്ലറ്റ്സും പ്ലാസ്മയും പോലുള്ള ഘടകങ്ങളാക്കി തിരിച്ചും സൂക്ഷിക്കുന്നു. അങ്ങനെ വരുമ്പോൾ ഒരു വർഷം വരെ കേടുകൂടാതിരിക്കും.

## ആലപ്പുഴയിലെ രക്തദാന പ്രവർത്തനങ്ങൾ

79 സിഡിഎസുകളിലായി 19000 അയൽക്കൂട്ടങ്ങളിലായി രണ്ടര ലക്ഷത്തിലേറെ വനിതകളാണ് ആലപ്പുഴ ജില്ലയിൽ കുടുംബശ്രീ അംഗങ്ങളായുള്ളത്. ജില്ലയിലെ ജെൻഡർ പ്രവർത്തനങ്ങളുടെ ഭാഗമായാണ് രക്തദാന ക്യാമ്പെയ്ൻ സംഘടിപ്പിച്ചത്.

## ആശയ രൂപീകരണം

കുടുംബശ്രീയിലെ ജെൻഡർ പ്രവർത്തനങ്ങളുടെ മൊഡ്യൂൾ സ്ത്രീയും തൊഴിലും എന്ന പുസ്തകത്തെ അടിസ്ഥാനമാക്കിയാണ് രൂപപ്പെടുത്തിയത്. തൊഴിൽ നിയമങ്ങൾ, തൊഴിൽ അവകാശങ്ങൾ തുടങ്ങിയ കാര്യങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ഈ മൊഡ്യൂൾ അനുസരിച്ച് തുടക്ക കാലത്ത് അയൽക്കൂട്ട വനിതകളോട് പങ്കുവച്ചു.

ഇവരിൽ നിന്നുള്ള പ്രതികരണങ്ങളിൽ പലപ്പോഴും തൊഴിലിനേക്കാൾ ആരോഗ്യ കാര്യത്തിലാണ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കേണ്ടതെന്ന ആശയം ഉരുത്തിരിഞ്ഞു വന്നു. ഇതോടെ സംസ്ഥാന മിഷൻ ജെൻഡർ പ്രവർത്തനങ്ങൾക്കായി സ്ത്രീയും ആരോഗ്യവും എന്ന പുസ്തകം ഓരോ ജില്ലയുടെയും പ്രാദേശിക പ്രത്യേകതകൾ അനുസരിച്ച് രൂപപ്പെടുത്താൻ നിർദ്ദേശിച്ചു.

സ്ത്രീകൾ ഒരിക്കലും സ്വന്തം ആരോഗ്യ കാര്യത്തിൽ തീരെ ശ്രദ്ധ പുലർത്താറില്ലെന്നും പലപ്പോഴും സ്വന്തം അസുഖവും പ്രശ്നവും മറച്ചുവച്ച് ഭർത്താവിനും മക്കൾക്കും മറ്റ് കുടുംബാംഗങ്ങൾക്കും വേണ്ടി മാത്രം ജീവിതം മുന്നോട്ടു കൊണ്ടുപോകുകയാണിവരെന്നുമുള്ള കണ്ടെത്തലാണ് കൂടുതലായി സ്ത്രീകളുടെ ആരോഗ്യം ലക്ഷ്യമിട്ടുള്ള പ്രവർത്തങ്ങളെന്ന ഈ ആശയത്തിലേക്ക് നയിച്ചത്. ഇങ്ങനെ അയൽക്കൂട്ട വനിതകളുടെ ആരോഗ്യം ലക്ഷ്യമിട്ട് സ്ത്രീ പദവി സ്വയംപഠന പ്രക്രിയയുടെ ഭാഗമായി ആലപ്പുഴ ജില്ലാ മിഷൻ സംഘടിപ്പിച്ചു വരുന്ന തേജസ്വിനി ഹെൽത്ത് ക്യാമ്പെയ്ന്റെ ഒരു ഭാഗമാണ് രക്തദാന ക്യാമ്പെയ്ൻ.

2017 ഡിസംബർ 9നാണ് തേജസ്വിനി ഹെൽത്ത് ക്യാമ്പെയ്ന് ഔദ്യോഗിക തുടക്കമായത്.

**<u>തേജസ്വിനിയും പ്രവർത്തനങ്ങളും</u>**

തേജസ്വിനി ഹെൽത്ത് ക്യാമ്പെയ്നിൽ ആറ് പ്രധാന പ്രവർത്തനങ്ങളാണുള്ളത്.

1. ബ്രെസ്റ്റ് ക്യാൻസർ കണ്ടെത്തുന്നതിനുള്ള മാമോഗ്രാം ടെസ്റ്റ്
2. ആരോഗ്യ ബോധവത്ക്കരണ ക്ലാസ്
3. ഗർഭപാത്രവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ നേരിടുന്ന സ്ത്രീകൾക്കും ഒപ്പമുള്ളവർക്കും പിന്തുണയേകൽ
4. കമ്മ്യൂണിറ്റി മെഡിസിൻ ഡിപ്പാർട്ട്മെന്റുമായി ചേർന്ന് മെഡിക്കൽ റിസർച്ച്
5. രക്തദാന ക്യാമ്പ്
6. മാനസികാരോഗ്യ ബോധവത്ക്കരണ ക്യാമ്പെയ്ൻ

**<u>രക്തദാന ക്യാമ്പെയ്ൻ- തുടക്കം</u>**

സാധാരണയായി രക്തദാനം നടത്തുന്നത് പുരുഷന്മാരാണ്. സ്ത്രീകൾ പലപ്പോഴും അതിന് മുന്നിട്ടിറങ്ങാറില്ല. രക്തദാനം നടത്തുന്നത് ആരോഗ്യത്തിന് നല്ലതാണെങ്കിലും സ്ത്രീകൾ പലപ്പോഴും ഇതിന് തയാറാകാറില്ല. ഇതിനൊരു മാറ്റം വരുത്തുക കൂടി ലക്ഷ്യമിട്ടാണ് രക്തദാന ക്യാമ്പെയ്ൻ ജില്ലാ മിഷൻ സംഘടിപ്പിച്ചത്.

ഈ ക്യാമ്പെയ്ന്റെ ഭാഗമായി ആദ്യം ഏവരുടെയും രക്തപരിശോധന നടത്തി ഗ്രൂപ്പുകൾ നിശ്ചയിക്കുകയാണ് ചെയ്യുന്നത്. ഓരോ രക്ത ഗ്രൂപ്പുള്ളവരുടെയും മേൽവിലാസമടക്കമുള്ള കാര്യങ്ങൾ രേഖപ്പെടുത്തി ഒരു പട്ടിക തയാറാക്കും. ഇവരിൽ നിന്ന് രക്തംനൽകാൻ സന്നദ്ധരായവരുടെ ഒരു സംഘം രൂപീകരിക്കും. അയൽക്കൂട്ട തലത്തിലാകെ വ്യാപിപ്പിച്ചു കഴിഞ്ഞാൽ ജില്ലയിൽ ഏത് പ്രദേശത്തും എപ്പോൾ വേണമെങ്കിലും രക്തം നൽകാൻ തയാറാകുന്ന ഒരു ബൃഹദ് സംഘത്തെ തന്നെ രൂപപ്പെടുത്തിയെടുക്കാൻ ഇതുവഴി കഴിയും.

**<u>പ്രവർത്തനം</u>**

ജനുവരി പത്തിനാണ് രക്തദാന ക്യാമ്പെയ്ൻ സംഘടിപ്പിച്ചത്. ജില്ലയിലെ കമ്മ്യൂണിറ്റി കൗൺസിലർമാർക്കും റിസോഴ്സ് പേഴ്സൺമാർക്കും ഇടയിലായിരുന്നു ക്യാമ്പെയ്ന്റെ ആദ്യ ഘട്ടം നടത്തിയത്. ഈ പദ്ധതിയെക്കുറിച്ചുള്ള ക്ലാസ്സുകളും പരിശീലനവും നൽകിയ ശേഷം ഏവരുടെയും രക്തം പരിശോധിച്ച് ഗ്രൂപ്പുകൾ തിരിക്കുന്നതായിരുന്നു ഈ പ്രവർത്തനം. ടിഡി മെഡിക്കൽ കോളേജ് ബ്ലഡ് ബാങ്കുമായി സഹകരിച്ച് സംയോജന ഫലമായാണ് ഈ ഗ്രൂപ്പിങ് പ്രവർത്തനം നടത്തിയത്. 158 ജില്ലാ ആർപിമാരും 25 കമ്മ്യൂണിറ്റി കൗൺസിലർമാരും 12 കോർ ടീം അംഗങ്ങൾ ഇവരാണ് ആദ്യ ക്യാമ്പെയ്നിൽ പങ്കെടുത്തത്. അവരുടെ ഗ്രൂപ്പുകൾ തിരിച്ച് ലിസ്റ്റ് തയാറാക്കിയിട്ടുണ്ട്. ഈ പരിശീലനത്തിൽ പങ്കെടുത്തവർ വാർഡ് തലത്തിൽ പദ്ധതിയെക്കുറിച്ച് വിശദീകരണം നൽകും.

ജെൻഡർ പ്രവർത്തനങ്ങൾക്കായുള്ള ഫണ്ടിൽ നിന്ന് 25000 രൂപയാണ് ഈ ക്യാമ്പെയ്ന് വേണ്ടി ചെലവായത്.

**ഭാവി**

- ആദ്യ ക്യാമ്പിൽ പങ്കെടുത്തവരിൽ നിന്ന് രക്തദാനത്തിന് സന്നദ്ധരായവരുടെ ലിസ്റ്റ് തയാറാക്കുക
- ഇവരുടെ രക്തദാന ക്യാമ്പ് സംഘടിപ്പിക്കുക
- ഈ ഗ്രൂപ്പുകളിൽ നിന്ന് ഒരാൾ അല്ലെങ്കിൽ മറ്റൊരാൾ അവശ്യ ഘട്ടങ്ങളിൽ രക്തദാനത്തിന് തയാറാകുന്നുവെന്ന് ഉറപ്പാക്കുക
- ആരോഗ്യ കാര്യങ്ങളിൽ ശ്രദ്ധ പുലർത്തേണ്ടതിനെക്കുറിച്ച് നിരന്തരം ബോധവത്ക്കരണം
- ബ്ലോക്ക് തലത്തിലും പഞ്ചായത്ത് തലത്തിലും ഇങ്ങനെ ഗ്രൂപ്പിങ് പ്രവർത്തനങ്ങൾ നടത്തുകയും ഈ വിവിധ തലങ്ങളിൽ രക്തദാന സന്നദ്ധരായവരുടെ സംഘം രൂപീകരിക്കുകയും ചെയ്യുക.
- സംസ്ഥാന തലത്തിൽ ഇങ്ങനെയൊരു രക്തദാന സേന രൂപീകരിക്കുന്നതിന് പ്രേരണയാകുക.

---